**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1565** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതി വിദ്യാലയങ്ങളിലേക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും അതുവഴി ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായും ലക്ഷ്യമിട്ടു കൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>**"ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1. കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക.<br><br>2. ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളികളിയാക്കുക.<br><br>3. സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക.<br><br>4. സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തുക.<br><br>5. കാർഷിക മേഖലയിലെ മൂല്യ വർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.<br><br>6. സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക.<br><br>7. മണ്ണിനെ സമ്പുഷ്ടമാക്കുക.<br><br>8. പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക<br><br>9. കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക.<br><br>10. കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. |

11. തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക.

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ സമീപനം**

1. കാർഷിക മേഖയിലെ ഒരു തുടർ പദ്ധതിയായി ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി ആസൂത്രണം ചെയ്യുന്നു.

2. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിൽ കൂടി 10000 കൃഷിക്കൂട്ടം/കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവ കൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

3. ബാല്യകാലത്ത് തന്നെ കുട്ടികളിൽ കൃഷി സംസ്കാരം ഉണർത്തുന്നു.

4. എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് കൊണ്ടു വരുന്നു.

5. കാർഷിക മേഖലയിൽ നിലവിൽ തുടരുന്നവർക്കുള്ള പിന്തുണ തുടരുന്നു.

6. പാരിസ്ഥിക മേഖല ആധാരമാക്കിയുള്ള കൃഷി രീതിയും അത് പ്രകാരമുള്ള ബഡ്ജറ്റിങ്ങും.

7. സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുന്നു.

8. ജൈവ/കാർബൺ തുലിത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നു.

9. പഴങ്ങൾ/പച്ചക്കറികൾ/നെല്ല് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

10. നവീന കൃഷിരീതികൾ നടപ്പാക്കുന്നു.

11. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന കാർഷിക വിളകൾക്ക് പ്രാമുഖ്യം നൽകുന്നു.

12. തരിശു ഭൂമി കണ്ടെത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നു.

13. വീട്ടുവളപ്പിലെ കൃഷി, പുരയിട കൃഷി എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുന്നു. (1 സെന്റ് മുതൽ 1 ഹെക്ടർ വരെയുള്ള കൃഷിക്കായി കുടുംബങ്ങളെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നു).

14. കൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് സാങ്കേതിക സഹായം നൽകുന്നു.

| | | | |
|---|---|---|---|
| | | | 15. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനുതകുമാറ് ഉല്പാദന ക്ഷമത കൂടിയ തരം തൈകൾ, വിത്തുകൾ, പാരമ്പര്യ പ്രാദേശിക വിളകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.<br><br>16. കുറഞ്ഞ പലിശ നിരക്കിൽ കൃഷിക്കുള്ള വായ്പ ലഭ്യമാക്കുന്നു.<br><br>17. കർഷക, കർഷക തൊഴിലാളി, യുവജന, പ്രവാസി, സ്ത്രീ ഗ്രൂപ്പുകൾ പരമാവധി കാർഷിക മേഖലയിൽ സൃഷ്ടിക്കുന്നു. കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനുള്ള സംരംഭങ്ങളിലേയ്ക്കും വിപണി അധിഷ്ഠിതമായ സംരംഭങ്ങളിലേയ്ക്കും ഈ കൂട്ടായ്മയെ പ്രയോജനപ്പെടുത്തുന്നു.<br><br>18. പ്രാദേശിക വിപണി ശക്തമാക്കുന്നു.<br><br>19. യന്ത്രവല്ക്കരണം ശക്തിപ്പെടുത്തുന്നു. യന്ത്രവല്ക്കണത്തിന്റെ പ്രയോജനം എല്ലാ കർഷകരിലും എത്തിക്കുന്നു.<br><br>20. മണ്ണിന്റെ പോഷക മൂല്യം, മണ്ണിന്റെ ഘടന എന്നിവ മനസ്സിലാക്കി കൃഷി ചെയ്യുവാൻ പ്രാപ്തരാക്കുന്നു.<br><br>21. വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കുന്നു. വിവിധ സർക്കാർ പദ്ധതികൾ ഒരു മിച്ച് കൃഷിയിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നു. |
| (ബി) | ചെറുപ്പകാലത്തുതന്നെ കുട്ടികളെ കൃഷിയിൽ തല്പരരാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളെ കൂടി ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി മുഖേന എന്തൊക്കെ പ്രോത്സാഹനങ്ങളും സഹായങ്ങളുമാണ് നല്കിവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | ചെറുപ്പകാലത്തുതന്നെ കുട്ടികളെ കൃഷിയിൽ തല്പരരാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളെ കൂടി ഉൾപ്പെടുത്തി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പേയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു മുഖ്യഘടമായി പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി ഘടകപ്രകാരം വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും സാധ്യമാകുന്നു. ഇതുവഴി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും. |

| | | | |
|---|---|---|---|
| | | | വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വരുന്നുണ്ട്. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ